# സ്കോൾ–കേരള

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ കേരള

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം- 695012

# മാർഗരേഖ

# അഡീഷണൽ മാത്തമാറ്റിക്സ്

## ഹയർസെക്കണ്ടറി
## &
## വൊക്കേഷണൽ ഹയർസെക്കണ്ടറി

SCOLE
KERALA
STATE COUNCIL FOR OPEN &
LIFELONG EDUCATION - KERALA

# ആമുഖം

ആജീവനാന്ത വിദ്യാഭ്യാസം ലക്ഷ്യമിട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് സ്കോൾ-കേരള. ബഹു: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ് സ്കോൾ-കേരളയുടെ ചെയർമാൻ. വിവിധ കാരണങ്ങളാൽ തുടർപഠനം സാധിക്കാത്തവർക്ക് വിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനും അതിന്റെ ഭാഗമായി വിവിധ മേഖലകളെ സ്പർശിക്കുന്ന തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകൾ ഏറ്റെടുത്ത് നടത്തുന്നതിനും സ്കോൾ-കേരള പ്രത്യേക പരിഗണന നൽകിവരുന്നു.

01.03.2025, 29.09.2025 തീയതികളിലെ -ലെ സ.ഉ(സാധ) നം.1708/2025 പൊവിവ, സ.ഉ(സാധ) നം.7680/2025/പൊവിവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന ഹയർസെക്കന്ററി ബോർഡിനു കീഴിൽ കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥ കൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പഠിച്ച് ഹയർസെക്കണ്ടറി പരീക്ഷ എഴുതുന്നതിനുള്ള അവസരം സ്കോൾ-കേരള ലഭ്യമാക്കുന്നു.

അതോടൊപ്പം 15.03.2007 ലെ സ.ഉ. (സാധ)നം. 1170/07/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർസെക്കന്ററി ബി ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് വിഷയം പഠിക്കുന്നതിന് സ്കോൾ-കേരളയിൽ നിലവിലുള്ള അവസരം തുടരുകയും ചെയ്യുന്നു.

23.02.2026 ലെ സ്കോൾ-കേരള എക്സിക്യൂട്ടീവ് കൗൺസിൽ ഒൻപതാമത് യോഗം ഐറ്റം നമ്പർ 04 തീരുമാന പ്രകാരം സ്കോൾ-കേരള ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പ്രതിഫല നിരക്കുകൾ, കോഴ്സ് സംഘാടന മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ചും. അതിനനുസൃതമായി വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് ഫീസ് നിരക്കും പ്രതിഫലനിരക്കുകളും മറ്റും ഏകീകരിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം പുറപ്പെടുവിച്ച സ്കോൾ-കേരള ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കോഴ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകളും നിർദ്ദേശങ്ങളും, പ്രിൻസിപ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ, അധ്യാപകർ എന്നിവരുടെ ചുമതലകൾ പ്രതിഫലനിരക്കുകൾ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ, പി.സി.പി. സംഘായടനവുമായി ബന്ധപ്പെട്ടുള്ള മാതൃകാ ഫാറങ്ങൾ എന്നിവ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ മാർഗരേഖ ഇരു കോഴ്സുകളുടേയും സംഘാടനത്തിന് സഹായകരമാകും എന്ന് പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
22.05.2026

**ഡോ. ജിനേഷ്കുമാർ എം.എം**
എക്സിക്യൂട്ടീവ് ഡയറക്ടർ
സ്കോൾ-കേരള

## സ്കോൾ-കേരള ഹയർസെക്കണ്ടറി & വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സിനെ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ

- നിരന്തരമൂല്യനിർണയത്തിനുൾപ്പെടെ സമ്പർക്ക ക്ലാസ്സ്, ഒന്നാംവർഷത്തിൽ പരമാവധി 30 മണിക്കൂറായി നിജപ്പെടുത്തിയിരിക്കുന്നു.
- രണ്ടാം വർഷം പ്രാക്ടിക്കൽ ക്ലാസിന് ഒരു ബാച്ചിന് 20 മണിക്കൂറാണ് അനുവദിച്ചിട്ടുള്ളത്. (മറ്റെല്ലാം ഒന്നാം വർഷത്തിന് തുല്യമാണ്).
- തിയറി ക്ലാസിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികളും പരമാവധി 60 വിദ്യാർത്ഥികളും (10 പേർ മാർജിനലായും) മാത്രം ഉൾപ്പെടുത്തി ക്ലാസ് എടുക്കേണ്ടതാണ്.
- പ്രാക്ടിക്കൽ ക്ലാസുകളിൽ ഒരു ബാച്ചിൽ പരമാവധി 30 (5 മാർജിനൽ) വിദ്യാർത്ഥികളെ മാത്രമേ ഉൾപ്പെടുത്താവൂ. (പ്രാക്ടിക്കൽ ക്ലാസിന് ഏതെങ്കിലും പഠനകേന്ദ്രത്തിൽ 10 ൽ കുറവ് വിദ്യാർത്ഥികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂവെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്ത് ക്ലാസ് സംഘടിപ്പിക്കേണ്ടതാണ്).
- പഠനകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് ഒരു കേന്ദ്രത്തിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ഇതിൽ കുറവ് വന്നാൽ ജില്ലയിലെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിചേർത്ത് ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്. അങ്ങനെ കൂട്ടിചേർക്കുമ്പോഴും കുറഞ്ഞത് 35 വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം ജില്ലയിലെ ഓപ്പൺ റഗുലർ കോഴ്സ് നടക്കുന്നതും മാത്തമാറ്റിക്സ് വിഷയം ഉള്ളതുമായ കേന്ദ്രം പഠനകേന്ദ്രമായി അനുവദിക്കും, പ്രസ്തുത ജില്ലയിൽ ഇത്തരം കേന്ദ്രം ഇല്ലാത്ത പക്ഷം സമീപ ജില്ലയിൽ സമാന രീതിയിലെ കേന്ദ്രം പഠനകേന്ദ്രമായി അനുവദിക്കുന്നതാണ്.
- പഠനകേന്ദ്രം അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും. പ്രസ്തുത പഠന കേന്ദ്രങ്ങളിൽ പുറമേനിന്ന് അധ്യാപകരുടെ സേവനം വിനിയോഗിക്കേണ്ടി വന്നാൽ നിർദ്ദിഷ്ട യോഗ്യതയുള്ള അധ്യാപകരെ സ്കോൾ-കേരളയുടെ മുൻകൂർ അനുമതി തേടി നിയമിക്കേണ്ടതാണ്.
- ഹയർസെക്കണ്ടറി വിഭാഗത്തിലും, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലും അഡീഷൽ മാത്തമാറ്റിക്സിന് രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോൾ-കേരള തയ്യാറാക്കിയിട്ടുള്ള പ്രത്യേക സ്വയംപഠന സഹായികൾ പഠനകേന്ദ്രം മുഖേനയോ, തപാൽമാഗമോ അനുവദിക്കുന്നതാണ്.

**സ്കോൾ-കേരള ഹയർസെക്കണ്ടറി & വൊക്കേഷണൽ ഹയർസെക്കണ്ടറി**
**പി.സി.പി സംഘാടനവുമായി ബന്ധപ്പെട്ട് നിർവഹിക്കേണ്ട ചുമതലകൾ**

## 1. പ്രിൻസിപ്പാൾ

- സമ്പർക്ക ക്ലാസ്സുകൾ (പി.സി.പി.) പൂർണമായും പഠനകേന്ദ്രം പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്വത്തിലും, നേതൃത്വത്തിലുമായിരിക്കണം.
- പഠനകേന്ദ്രത്തിൽ ഒരു സീനിയർ ഹയർസെക്കണ്ടറി അധ്യാപകൻ/ അധ്യാപികയെ കോഡിനേറ്റിംഗ് ടീച്ചറായി നിയമിക്കേണ്ടതും പ്രസ്തുത വിവരം യഥാസമയം സ്കോൾ-കേരള സ്റ്റേറ്റ് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
- ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി അധ്യാപകരുടെ പാനൽ തയ്യാറാക്കുവാൻ കോർഡിനേറ്റിംഗ് ടീച്ചറെ ചുമതലപ്പെടുത്തേണ്ടതും, ആയത് സ്കോൾ-കേരളയ്ക്ക് അയക്കേണ്ടതും, പകർപ്പ് സൂക്ഷിക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ പാനലിൽ നിന്നുള്ള അധ്യാപകർക്ക് പകരം മറ്റൊരാളുടെ സേവനം ആവശ്യമാണെങ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
- സ്കോൾ-കേരള ആസ്ഥാനത്ത് നിന്നും അയച്ചു തരുന്ന ടെന്റേറ്റീവ് ടൈം ടേബിൾ അനുസരിച്ച് പഠനകേന്ദ്രങ്ങളിലെ ടൈംടേബിൾ തയ്യാറാക്കുവാൻ കോഡിനേറ്റിംഗ് ടീച്ചറെ ചുമതലപ്പെടുത്തേണ്ടതും, ടൈംടേബിളിന്റെ പകർപ്പ് സ്കോൾ-കേരള ആസ്ഥാനത്തും ജില്ലാകേന്ദ്രത്തിലും അയച്ചുതരേണ്ടതുമാണ്.
- കോഡിനേറ്റിംഗ് ടീച്ചർ പി.സി.പി. ക്ലാസുകൾക്ക് ശേഷം ക്ലാസ് നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗരേഖയോടൊപ്പം നൽകുന്ന വിവിധ ഫാറങ്ങളിൽ പി.സി.പി അധ്യാപകർക്ക് അനുവദിക്കേണ്ട തുക എത്രയെന്ന് കണക്കാക്കി പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി, സ്കോൾ-കേരള ആസ്ഥാനത്ത് യഥാസമയം അയച്ച് തരേണ്ടതാണ്. ഒന്നാം വർഷത്തേയും രണ്ടാം വർഷത്തേയും പി.സി.പി. സ്റ്റേറ്റ്മെന്റുകൾ പ്രത്യേകം തയാറാക്കി സമർപ്പിക്കേണ്ടതാണ്.
- ഒന്നും രണ്ടും വർഷങ്ങളിൽ 30 മണിക്കൂർ വീതം തിയറി ക്ലാസുകളും, രണ്ടാം വർഷത്തിൽ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും ഉൾപ്പെടെ രണ്ട് വർഷങ്ങളിലുമായി 80 മണിക്കൂറായി സമ്പർക്ക ക്ലാസുകൾ നിജപ്പെടുത്തിയിരിക്കുന്നു.
- തിയറി ക്ലാസുകളിൽ ഒരു ബാച്ചിൽ എറ്റവും കുറഞ്ഞത് 35 വിദ്യാർത്ഥികളെയും, പരമാവധി 60 വിദ്യാർത്ഥികളെയും (10 പേർ മാർജിനലായും, അതായത് 70) പ്രാക്ടിക്കൽ ക്ലാസുകളിൽ ഒരു ബാച്ചിൽ 30 വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ബാച്ചുകൾ ക്രമീകരിക്കേണ്ടതാണ്.
- സമ്പർക്ക ക്ലാസുകൾ, പ്രാക്ടിക്കൽ ക്ലാസുകൾ എന്നിവ യഥാസമയം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഒന്നിലധികം ബാച്ചുകൾ ഒരുമിച്ച് ചേർത്ത് ക്ലാസുകൾ എടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- സ്കോൾ-കേരള ആസ്ഥാനത്തു നിന്നും വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന തുകകളുടെ കണക്കുകൾ പ്രത്യേകം രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ആവശ്യാനുസരണം അവ പരിശോധനകൾക്ക് വിധേയമാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

- സ്കോൾ-കേരള ജീവനക്കാർ പി.സി.പി. ക്ലാസുകൾ നടക്കുന്ന പഠനകേന്ദ്രങ്ങൾ സന്ദർശിക്കുന്ന ദിവസം ഒരു ജീവനക്കാരന് പ്രസ്തുത ദിവസത്തേക്ക് മാത്രം ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകേണ്ടതും, മറ്റ് ദിവസങ്ങളിൽ സന്ദർശനം നടത്തുമ്പോൾ ടൂർ ഡയറിയിൽ സന്ദർശന ഉദ്ദേശ്യം രേഖപ്പെടുത്തി ഒപ്പിട്ട് നൽകേണ്ടതുമാണ്.
- സ്കോൾ-കേരള വിദ്യാർത്ഥികൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുൾപ്പെടെയുള്ള എല്ലാ പഠന സൗകര്യങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

## 2. കോഡിനേറ്റിംഗ് ടീച്ചർ

- സ്കോൾ-കേരള സമ്പർക്ക ക്ലാസ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളിലും പ്രിൻസിപ്പാളിനെ സഹായിക്കേണ്ടതാണ്.
- സമ്പർക്ക ക്ലാസുകൾ ഉള്ള ദിവസം കോഡിനേറ്റിംഗ് ടീച്ചർ നിർബന്ധമായും സ്കൂളിൽ ഹാജരാകേണ്ടതാണ്. നിർദ്ദിഷ്ട ഫാറത്തിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. (അനുബന്ധം ഫാറം നം. 3)
- സമ്പർക്ക ക്ലാസുകൾക്ക് ആവശ്യമായ ടൈംടേബിൾ മുൻകൂട്ടി തയ്യാറാക്കേണ്ടതും, ആയത് വിദ്യാർത്ഥികളെ യഥാസമയം അറിയിക്കേണ്ടതുമാണ്. അധ്യാപകർ ക്ലാസുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പി.സി.പി യുടെ വിവിധ ഫാറങ്ങൾ പി.സി.പി നടക്കുന്ന ദിവസങ്ങളിൽത്തന്നെ പൂരിപ്പിക്കേണ്ടതാണ്.
- പി.സി.പിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ കൃത്യമായും അതാത് ദിവസം തന്നെ നിശ്ചിത ഫാറത്തിൽ വിദ്യാർത്ഥികളെക്കൊണ്ട് രേഖപ്പെടുത്തേണ്ടതാണ്. (അനുബന്ധം ഫാറം നം. 5)
- പി.സി.പി ക്ലാസുകൾക്ക് ശേഷം അനുബന്ധ പി.സി.പി ഫാറങ്ങൾ തുക അനുവദിക്കുന്നതിനായി നിർദ്ദിഷ്ട ദിവസത്തിനകം പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തി സ്കോൾ-കേരള സംസ്ഥാന ഓഫീസിലേക്ക് അയക്കേണ്ടതാണ്.
- ഓഫീസ് അറ്റൻഡന്റുമാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. (അനുബന്ധം ഫാറം നം. 4)
- പ്രിൻസിപ്പാളുമായി ആലോചിച്ച് തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ യഥാസമയം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.
- സ്കോൾ-കേരളയിൽ നിന്നും ലഭിക്കുന്ന തുകകളുടെ കണക്കുകൾ പ്രത്യേക രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നതിന് പ്രിൻസിപ്പാളിനെ സഹായിക്കേണ്ടതാണ്.
- സ്കോൾ-കേരള വിദ്യാർത്ഥികൾക്കുള്ള തിരിച്ചറിയൽ കാർഡ് കോഡിനേറ്റിംഗ് ടീച്ചർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3. പി.സി.പി. ക്ലാസ് കൈകാര്യം ചെയ്യുന്ന അധ്യാപകർ

- പി.സി.പി. ക്ലാസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതും, നിശ്ചിത പാഠഭാഗങ്ങൾ യഥാസമയം പൂർത്തിയാക്കേണ്ടതും, റെക്കോഡ് വർക്കുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ. വിദ്യാർത്ഥികൾക്ക് നൽകേണ്ടതുമാണ്.

✦ പ്രിൻസിപ്പാളിന്റെയും, കോഡിനേറ്റിംഗ് ടീച്ചറിന്റെയും നിർദ്ദേശാനുസരണം നിശ്ചിത ടൈംടേബിൾ പ്രകാരം കൃത്യസമയത്തു തന്നെ ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടതാണ്.

✦ പി.സി.പി. ക്ലാസുമായി ബന്ധപ്പെട്ട അനുബന്ധ ഫാറങ്ങൾ കോഡിനേറ്റിംഗ് ടീച്ചറുടെ നിർദ്ദേശാനുസരണം പൂരിപ്പിച്ച്, ഒപ്പിട്ട് നൽകേണ്ടതാണ്. നിർദ്ദിഷ്ട ഫാറത്തിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. (അനുബന്ധം ഫാറം നം. 2)

✦ പി.സി.പി. ക്ലാസ്, സി.ഇ., പ്രാക്ടിക്കൽ, പരീക്ഷ എന്നിവയുടെ നടത്തിപ്പിൽ പ്രിൻസിപ്പാൾ/കോഡിനേറ്റിംഗ് ടീച്ചർ എന്നിവരുടെ നിർദ്ദേശത്തിന് അനുസരിച്ച് പ്രവർത്തിക്കുക.

✦ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്വയംപഠന സഹായികൾ യഥാസമയം വിതരണം ചെയ്യേണ്ടതും, ആയവ കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3. ഓഫീസ് അറ്റൻഡന്റ്

✦ പി.സി.പി. ക്ലാസുകളുടെ നടത്തിപ്പിനായി പ്രിൻസിപ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ, എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

✦ കോഡിനേറ്റിംഗ് ടീച്ചറുടെ നിർദ്ദേശപ്രകാരം പി.സി.പി. ക്ലാസുകളുടെ ടൈംടേബിൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

✦ പി.സി.പി. ക്ലാസുകൾ നടക്കുന്ന ദിവസങ്ങളിൽ കൃത്യസമയത്തു തന്നെ സ്കൂളിൽ ഹാജരാകേണ്ടതും, സ്കൂൾ ഗേറ്റ് തുറക്കേണ്ടും, കൃത്യസമയത്ത് തന്നെ ബെൽ നൽകേണ്ടതുമാണ്.

✦ പ്രിൻസിപ്പാൾ നൽകുന്ന അറിയിപ്പുകൾ ക്ലാസുകളിൽ എത്തിക്കേണ്ടതും, പി.സി.പി. ക്ലാസുകളുടെ അച്ചടക്കത്തിനായി കോഡിനേറ്റിംഗ് ടീച്ചറെ സഹായിക്കേണ്ടതുമാണ്.

**സ്കോൾ-കേരള അഡീഷണൽ മാത്തമാറ്റിക്സ് പഠനകേന്ദ്രങ്ങൾക്ക് പി.സി.പി. യുടെ ഓണറേറിയഭാഗമായി അനുവദിക്കുന്ന പ്രതിഫലവും മറ്റ് ആനുകൂല്യങ്ങളും.**

**A.**

| | | | |
|---|---|---|---|
| 1 | **പ്രിൻസിപ്പാൾ** | **ഓണറേറിയം ഇനത്തിൽ പ്രതിവർഷം** | **1000 രൂപ** |
| 2 | **കോഡിനേറ്റിംഗ് ടീച്ചർ** | **ഓണറേറിയം ഇനത്തിൽ പ്രതിവർഷം** | **500 രൂപ** |
| 3 | **ഓഫീസ് അറ്റൻഡന്റ്** | **ഓണറേറിയം ഇനത്തിൽ പ്രതിവർഷം** | **300 രൂപ** |

**B. ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കുള്ള പ്രതിഫലം:**

തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് ഒരു മണിക്കൂറിന് 200/- രൂപ ക്രമത്തിൽ പ്രതിഫലം അനുവദിക്കും. ഒരു ദിവസം പരമാവധി 5 മണിക്കൂർ വരെ ഒരു അധ്യാപകന് ക്ലാസ് എടുക്കാവുന്നതാണ്.

പി,സി.പി. സംഘാടനവുമായി ബന്ധപ്പെട്ട ഫാറങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ക്ലാസുകൾ പൂർത്തിയാകുന്ന മുറക്ക് നിർദ്ദിഷ്ട ഫാറങ്ങളിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് പ്രിൻസിപ്പാളിന്റെ കത്തോടുകൂടി

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്. ആയത് പരിശോധിച്ച ശേഷം അർഹതപ്പെട്ട തുക പ്രിൻസിപ്പാളിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും ആയത് പ്രിൻസിപ്പാളിൽ നിന്നും കൈപ്പറ്റേണ്ടതുമാണ്.

**C. കണ്ടിജൻസി :**

പി.സി.പി. പഠനകേന്ദ്രങ്ങൾക്ക് കണ്ടിജൻസി ഇനത്തിൽ പ്രതിവർഷം 200 രൂപ നിരക്കിൽ ആകെ 400/-രൂപ പ്രിൻസിപ്പാളിന്റെ പേരിൽ അനുവദിക്കും. ഇതിനായി പി.സി.പി. ഫോം നമ്പർ 06 ആവശ്യമായ ബിൽ സഹിതം പി.സി.പി രേഖകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**സ്കോൾ-കേരള സംബന്ധമായി വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന എല്ലാ തുകകളുടേയും കൃത്യമായ കണക്ക് പ്രത്യേകം രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.**

## പി.സി.പി. പ്രാക്ടിക്കൽ ക്ലാസുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തിയറി ക്ലാസുകൾക്കുള്ള പ്രാധാന്യം തന്നെയാണ് പ്രാക്ടിക്കൽ ക്ലാസുകൾക്കുമുള്ളത്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും, അവയുടെ വിശദമായ വിശകലനങ്ങളിലൂടെയും ലഭിക്കുന്ന ശാസ്ത്രാവബോധം ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം എന്നിവ സ്വായത്തമാക്കുവാൻ ഒരു പരിധിവരെ പ്രാക്ടിക്കൽ ക്ലാസുകൾ കുട്ടികളെ പ്രാപ്തരാക്കുന്നു. അതുകൊണ്ടു തന്നെ പ്രാക്ടിക്കൽ ക്ലാസുകൾ പ്രാധാന്യത്തോടു കൂടി തന്നെ സമ്പർക്ക ക്ലാസുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- പി.സി.പി. ക്ലാസുകളിൽ കൃത്യമായി ഹാജരാകേണ്ടതാണ്. സി.ഇ വർക്കുകളെപ്പോലെ തന്നെ പ്രാധാന്യം ഉള്ളതാണ് പ്രാക്ടിക്കലും. 40 മാർക്ക് സി.ഇ. യ്ക്ക് ഉള്ളതുപോലെ തന്നെ പ്രാക്ടിക്കലിനും ഉണ്ട്.
- പ്രാക്ടിക്കൽ ക്ലാസുകൾ ആവർത്തിക്കാനാകില്ല എന്നതിനാൽ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും പ്രാക്ടിക്കൽ ക്ലാസുകളിൽ ഹാജരാകേണ്ടതാണ്.
- സംശയനിവാരണം മാത്രമാണ് അധ്യാപകരുടെ കർത്തവ്യം എന്നുള്ളത് കൊണ്ട് പാഠഭാഗങ്ങൾ വായിച്ച് മുന്നൊരുക്കത്തോടുകൂടി വേണം പ്രാക്ടിക്കൽ ക്ലാസുകളിൽ ഹാജരാകുവാൻ.
- പ്രാക്ടിക്കൽ ചെയ്തു കഴിഞ്ഞാൽ ഉടനെ തന്നെ അധ്യാപകരെക്കൊണ്ട് പ്രാക്ടിക്കൽ വർക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കത്യസമയത്ത് തന്നെ അവ റിക്കോർഡിൽ എഴുതി സാക്ഷ്യപ്പെടുത്തി വാങ്ങി സൂക്ഷിക്കേണ്ടതാണ്.
- പ്രാക്ടിക്കൽ പരീക്ഷയ്ക്ക് മുമ്പായി പ്രസ്തുത റിക്കോഡുകൾ പഠനകേന്ദ്രം കോഡിനേറ്ററും പഠിപ്പിക്കുന്ന അധ്യാപകനും സാക്ഷ്യപ്പെടുത്തിയിരിക്കണം.
- പ്രാക്ടിക്കൽ പരീക്ഷയുടെ സമയത്ത് എക്സ്റ്റേണൽ എക്സാമിനർ മുമ്പാകെ റിക്കോർഡ് ഹാജരാക്കേണ്ടതാണ്. പ്രാക്ടിക്കലിന്റെ മാർക്ക് നിശ്ചയിക്കുന്നതിൽ റിക്കോർഡിന് പ്രാധാന്യം ഉണ്ടെന്നുള്ള വസ്തുത വിദ്യാർത്ഥികൾ ഓർത്തിരിക്കേണ്ടതാണ്.

**പരീക്ഷ**

സ്കോൾ-കേരള മുഖേനയുള്ള ഹയർസെക്കണ്ടറി &
വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷാ നടത്തിപ്പുകൾ
ഹയർസെക്കണ്ടറി പരീക്ഷാവിഭാഗത്തിന്റെ ചുമതലയിലാണ്.
പരീക്ഷ സംബന്ധമായ അറിയിപ്പുകൾക്കും, അന്വേഷണങ്ങൾക്കും
അതാത് പരീക്ഷാകേന്ദ്രം പ്രിൻസിപ്പാളിനേയോ, ഹയർസെക്കണ്ടറി
പരീക്ഷാ വിഭാഗത്തെയോ സമീപിക്കേണ്ടതാണ്.

SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

## അനുബന്ധം

അധീഷണൽ മാത്തമാറ്റിക്സ് സമ്പർക്ക ക്ലാസ്
നടത്തിപ്പുമായി ബന്ധപ്പെട്ട് പൂരിപ്പിച്ച്
അയക്കേണ്ട മാതൃകാ ഫാറങ്ങൾ

SCOLE
KERALA
STATE COUNCIL FOR OPEN &
LIFELONG EDUCATION - KERALA

ADL. MATHS PCP FORM: 1


STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org


# ADDITIONAL MATHEMATICS: 20..... - 20.....

## Higher Secondary / Vocational Higher Secondary

## Statement of Personal Contact Programme

District: ............................................................................................................ School Code: .......................................

Name of Study Centre : ..........................................................................................................................................

E-mail ID of Study Centre: ............................................................ Contact. No : ............................................................

Name of Principal: .............................................................................. Mob. No: .........................................................

Name of Co-ordinating Teacher: : ....................................................................... Mob. No: ......................................

**Bank Account Details Of Study Centre**

Name of Account Holder : ........................................................................... Name of Bank : ....................................

A/C No : ............................................................... IFS Code: .......................... Branch : ............................................

(Please Attach one Clear copy of Bank Pass book)

No. of Batches: ............. , I$^{st}$ / II$^{nd}$ year

| Sl. No. | Name of Parent School | No. of Students I$^{st}$ / II$^{nd}$ year |
|---|---|---|
| | | |
| | **Total** | |

Date:

Signature of Principal:
(Study Centre)

ADL. MATHS PCP FORM: 2

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org

# ADDITIONAL MATHEMATICS: 20..... - 20.....

## Higher Secondary / Vocational Higher Secondary

**(Theory / Practical)**

District: ..........................................................................................

Study Centre: .........................................................................................................School Code : ...........................

Name of Teacher : ............................................................................ Mobile: .............................................................

**Attendance of Teacher**

| .......... Batch | | | | .......... Batch | | | |
|---|---|---|---|---|---|---|---|
| Date of PCP Class | Duration | No of Hours | Signature | Date of PCP Class | Duration | No of Hours | Signature |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| TOTAL | | | | TOTAL | | | |

Signature

Signature (Principal)
Name

(Office Seal with date)

ADL. MATHS PCP FORM: 3

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org

| ADDITIONAL MATHEMATICS: 20..... - 20..... |
|---|
| **Higher Secondary / Vocational Higher Secondary** |
| |

**(Theory / Practical)**

District: ............................................................................................

Study Centre: ..............................................................................................................School Code : ...........................

Name of Co-ordinating Teacher::................................................................... Mobile: ...........................................................

| Attendance of Co-ordinating Teacher | | |
|---|---|---|
| **Date of PCP Class** | **Duration of PCP Class** | **Signature** |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

Signature

Signature (Principal)
Name

(Office Seal with date)

ADL. MATHS PCP FORM: 4

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org

## ADDITIONAL MATHEMATICS: 20..... - 20.....

## Higher Secondary / Vocational Higher Secondary

District: ............................................................................................ (Class XI / Class XII)

Study Centre: ..........................................................................................................School Code : ...........................

Name of Co-ordinating Teacher::................................................................... Mobile:

**Name Of Office Attendant :**

| SL No | Date of PCP Class | Signature |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

Signature

Signature (Principal)
Name

(Office Seal with date)

SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org

# ADDITIONAL MATHEMATICS: 20..... - 20.....

## Higher Secondary / Vocational Higher Secondary

**(Theory / Practical)**

District: ........................................................................................................................

Study Centre: ........................................................................................................... School Code :.......................

Name of Teacher : ............................................................................. Mobile: ...........................................................

**First / Second Batch**

| Sl No | Date of PCP Class | Admission No. | Name of Student | Signature |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

Signature

Signature (Principal)
Name

(Office Seal with date)

**HSE/VHSE ADDITIONAL MATHEMATICS - PCP CLASSES**

## *RECEIPT*

Received a sum of Rs. ..................( in figure )..........................................................................

......................... .................... .........................(in words) from the Executive Director, SCOLE-Kerala, Vidyabhavan, Poojappura, Thiruvananthapuram (through NEFT/RTGS transfer on ........................) being the amount sanctioned for HSE/VHSE Additional Mathematics remuneration to Principal /Co-Ordinating Teacher/ Teacher and O.A in connection with conduct of PCP classes during the academic year 20....... - 20....... I$^{st}$ / II$^{nd}$ year.

Name of Study Centre:.................................................................. Centre Code : ...............

District: .................................................. Name of the Bank: ................................................

A/C No. .......................................... IFS Code : ....................... Branch : ............................

(Seal with date)

Signature:
Name (Principal):

*Please affix Revenue Stamp here*

**(Affix revenue stamp if the amount is above Rs. 5000/-)**

(Designation Seal)

## *RECEIPT FOR CONTINGENCY*

Received a sum of Rs. ..................( in figure )..........................................................................

......................... .................... .........................(in words) from the Executive Director, SCOLE-Kerala, Vidyabhavan, Poojappura, Thiruvananthapuram (through NEFT/RTGS transfer on ........................) being the amount sanctioned for HSE/VHSE Additional Mathematics Stationery, Contingency Charges in connection with conduct of PCP classes during the academic year 20....... - 20....... I$^{st}$ / II$^{nd}$ year.

Name of Study Centre:.................................................................. Centre Code : ...............

District: .................................................. Name of the Bank: ................................................

Signature :
Name (Principal):

(Seal with date)

(Designation Seal)

**HSE/VHSE ADDITIONAL MATHEMATICS - PCP CLASSES**

# *UTILISATION CERTIFICATE*

This is to certify that the sanctioned amount of Rs. .............................. (Rupees ....................................................................... only) for conducting PCP classes to the HSE/VHSE Additional Mathematics students of SCOLE-Kerala in 20.... - 20.... I$^{st}$ / II$^{nd}$ year has been utilized for the above said purpose.

SCOLE
KERALA
STATE COUNCIL FOR OPEN &
LIFELONG EDUCATION - KERALA

Name of Exam Centre : ...................................................... Centre Code ................................

District:.............................................................................................................................

Signature :

(Seal with date) Name (Principal) :

(Designation Seal)

Signature
(Co-ordinating Teacher)

(Office Seal with date)

Signature (Principal)
Name
(Designation Seal)

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369, email : scolekerala@gmail.com, web:www. scolekerala.org

# HSE/VHSE - ADDITIONAL MATHEMATICS: 20..... - 20 .....

## Acquittance Register

District: ..........................................................................................................School Code : .................................

Name of Study Centre : ..........................................................................................................

Class: XI ☐ XII ☐ (Please ✓)

**A. For Teacher** (@ Rs. 200/- Hours per hour)

| Sl No | Name | Amount | Signature |
|---|---|---|---|
| | | | |
| | | | |

**B. For Principal** (@ Rs.1000 per Year)

| Sl No | Name | Amount | Signature |
|---|---|---|---|
| | | | |

**C. For Co-ordinating Teacher** (@ Rs.500 per Year)

| Sl No | Name | Amount | Signature |
|---|---|---|---|
| | | | |

**D. For Office Attendant** (@ Rs.300 per Year)

| Sl No | Name | Amount | Signature |
|---|---|---|---|
| | | | |

***Affix revenue stamp if the amount is above Rs. 5000/-**

Signature
(Co-ordinating Teacher)

(Office Seal with date)

Signature (Principal)
Name
(Designation Seal)

A4/1355/25/SK

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ - കേരള, തിരുവനന്തപുരം

## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ: ഡോ. ജിനേഷ് കുമാർ എം.എം)

സ്കോൾ-കേരള - ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പ്രതിഫല നിരക്കുകളും കോഴ്സ് സംഘാടന മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനും അതിനനുസൃതമായി വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് ഫീസ് നിരക്കും പ്രതിഫല നിരക്കുകളും മറ്റും ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്കോൾ-കേരള

ഉത്തരവ് നമ്പർ.336/2026/സ്കോൾ-കേരള തീയതി: 27.03.2026

പരാമർശം :
1. 15.03.2007 ലെ സ.ഉ (സാധാ) നം. 1170/2007/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 01.03.2025 ലെ സ.ഉ (സാധാ) നം. 1708/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 29.09.2025 ലെ സ.ഉ (സാധാ) നം. 7680/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4. 23.02.2026 ലെ എക്സിക്യൂട്ടീവ് കൗൺസിൽ 9-ാമത് യോഗം ഐറ്റം നം. 4
5. 13.02.2026 ലെ 132/2026/സ്കോൾ-കേരള നമ്പർ ഉത്തരവ്

### ഉത്തരവ്

സ്കോൾ-കേരള മുഖേന പരാമർശം (1) പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സും പരാമർശം (2) (3) പ്രകാരം ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സും സംഘടിപ്പിച്ചുവരുന്നു. ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പ്രതിഫല നിരക്കുകളും കോഴ്സ് സംഘാടന മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനും അതിനനുസൃതമായി വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് ഫീസ് നിരക്കും പ്രതിഫല നിരക്കുകളും മറ്റും ഏകീകരിക്കുന്നതിനും താഴെപ്പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് പരാമർശം (4) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസ്ഥകൾ**

i) ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിന്റെ സമ്പർക്ക ക്ലാസ്സുകളിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികളും, പരമാവധി 60 വിദ്യാർത്ഥികളും (10 പേർ മാർജിനലായും) ഉൾപ്പെടുത്തി ബാച്ചുകൾ രൂപീകരിക്കേണ്ടതാണ്.

ii) നിലവിൽ വിദ്യാർത്ഥി പഠിക്കുന്ന ഹയർസെക്കണ്ടറി സ്കൂളായിരിക്കും പരീക്ഷ കേന്ദ്രം. പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രസ്തുത കേന്ദ്രത്തിൽ ലാബ് സൗകര്യം ഇല്ലാത്തപക്ഷം പരീക്ഷ ബോർഡ് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും പരീക്ഷകേന്ദ്രം.

iii) പഠനകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് ഒരു കേന്ദ്രത്തിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കണം, ഇതിൽ കുറവ് വന്നാൽ ജില്ലയിലെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്ത് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്, അങ്ങനെ കൂട്ടിച്ചേർക്കുമ്പോഴും കുറഞ്ഞത് 35 വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം ജില്ലയിലെ ഓപ്പൺ റഗുലർ കോഴ്സ് നടക്കുന്നതും മാത്തമാറ്റിക്സ് വിഷയം ഉള്ളതുമായ കേന്ദ്രം, പഠനകേന്ദ്രമായി അനുവദിക്കേണ്ടതാണ്.

പ്രസ്തുത ജില്ലയിൽ ഇത്തരം കേന്ദ്രം ഇല്ലാത്ത പക്ഷം സമീപ ജില്ലയിൽ സമാന രീതിയിലെ കേന്ദ്രം പഠനകേന്ദ്രമായി അനുവദിക്കേണ്ടതാണ്.

iv) പ്രസ്തുത പഠനകേന്ദ്രത്തിൽ പുറമേ നിന്ന് അധ്യാപകരുടെ സേവനം വിനിയോഗിക്കേണ്ടി വന്നാൽ നിർദ്ദിഷ്ട യോഗ്യതയുള്ള അധ്യാപകരുടെ സേവനം വിനിയോഗിക്കേണ്ടതാണ്.

v) പഠനകേന്ദ്രം അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമാണ്.

vi) പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള സമ്പർക്ക ക്ലാസ്സുകൾ (ഒന്നും രണ്ടും വർഷങ്ങളിൽ 30 മണിക്കൂർ വീതം തിയറിയും രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കലും) ഒരു ദിവസം പരമാവധി 5 മണിക്കൂർ എന്ന ക്രമത്തിൽ രണ്ടു വർഷങ്ങളിലായി ആകെ 16 പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

vii) ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ പഠനകേന്ദ്രമായി പ്രവർത്തിക്കുന്ന, കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന കേന്ദ്രത്തിന് സമ്പർക്ക ക്ലാസ്സുകളുടെ സംഘാടന മേൽനോട്ടത്തിനും മറ്റും ചുവടെ പറയുന്ന നിരക്കുകളിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്.

**(എ)** പ്രിൻസിപ്പാൾ - പ്രതിവർഷം 1000/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 2000/- രൂപ

**(ബി)** കോ- ഓർഡിനേറ്റിംഗ് ടീച്ചർ - പ്രതിവർഷം 500/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 1000/- രൂപ

**(സി)** അധ്യാപകർ - മണിക്കൂർ ഒന്നിന് 200/- രൂപ നിരക്കിൽ ഒന്നും രണ്ടും വർഷത്തേക്ക് ആകെ 80 മണിക്കൂറിന് പരമാവധി 16000/- രൂപ (30+30+20)

**(ഡി)** ഓഫീസ് അറ്റൻഡന്റ് - പ്രതിവർഷം 300/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 600/- രൂപ

**(ഇ)** സ്റ്റേഷനറി, കണ്ടിജൻസി ചാർജ്ജ് - പ്രതിവർഷം 200/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 400/- രൂപ

സമ്പർക്ക ക്ലാസ്സ് സംഘാടനം പൂർത്തിയാക്കി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫാറങ്ങളിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അർഹമായ പ്രതിഫലം ബാച്ചുകളുടെ എണ്ണത്തിനനുസൃതമായി വാർഷികാടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്. എന്നാൽ 35 ൽ കുറവ് പഠിതാക്കൾക്കായി പ്രവർത്തിപ്പിക്കുന്ന ഓപ്പൺ റഗുലർ കോഴ്സ് പഠനകേന്ദ്രത്തിന് മേൽപ്പറഞ്ഞ (സി) നിരക്കിലെ പ്രതിഫലം മാത്രം അനുവദിക്കേണ്ടതാണ്.

viii) പഠനകേന്ദ്രം അനുവദിക്കുന്ന കാര്യത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ അതേപടി നിലനിർത്തേണ്ടതാണ്. അതോടൊപ്പം മേൽപ്പറഞ്ഞ മറ്റ് എല്ലാ വ്യവസ്ഥകളും അടുത്ത അധ്യയനവർഷം മുതൽ (2026-27) വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിനും ബാധകമാക്കേണ്ടതുമാണ്.

ix) സർക്കാർ അംഗീകരിച്ച ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ പദ്ധതിരേഖ പ്രകാരം സ്വയംപഠന സഹായികൾ അനുവദിക്കുന്ന രീതിയിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും സ്വയംപഠന സഹായികൾ അനുവദിക്കേണ്ടതാണ്.

x) **മേൽപ്പറഞ്ഞ പ്രകാരം, കോഴ്സ് സംഘാടനം, അതിന്റെ പ്രതിഫലം അനുവദിക്കൽ, പഠന പിന്തുണ സേവനങ്ങൾ എന്നിവയ്ക്ക് വ്യവസ്ഥകൾ നിശ്ചയിച്ച് അവ ഏകീകരിച്ച് ഇരു കോഴ്സുകൾക്കും ബാധകമാക്കുന്നു. അതോടൊപ്പം ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് രണ്ട് വർഷത്തേക്ക് സർക്കാർ അംഗീകരിച്ച ഫീസ് നിരക്കായ 1500/- രൂപ, വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് കൂടി 2026-27 അധ്യയനവർഷം മുതൽ ഏർപ്പെടുത്തേണ്ടതാണ്.**

2) മേൽ വ്യവസ്ഥകൾക്കും പരാമർശം (1) (2) (3) നും അനുസൃതമായും ഇരു കോഴ്സുകളുടെയും നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖയും പി.സി.പി ഫോർമാറ്റുകളും പ്രോസ്പെക്ടസ്സും പഠന പരീക്ഷകേന്ദ്രങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിക്കുന്നതിന് കോഴ്സിന്റെ ചുമതല വഹിക്കുന്ന സംസ്ഥാന ഓഫീസിലെ ജില്ലാ കോഡിനേറ്റർ ശ്രീമതി. അമ്പിളി വി യെ ചുമതലപ്പെടുത്തുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്,

ശ്രീമതി. അമ്പിളി വി, ജില്ലാ കോഡിനേറ്റർ സംസ്ഥാന ഓഫീസ്
ശ്രീ. സാജുകുമാർ ജെ.എസ്, ഡി.എസ്.5 സെക്ഷൻ

പകർപ്പ്,

സെക്രട്ടറി, സ്കോൾ-കേരള
ഫിനാൻസ് ഓഫീസർ, സ്കോൾ-കേരള
ഡയറക്ടർമാർ, സ്കോൾ-കേരള
ജില്ലാ കോഡിനേറ്റർമാർ, സ്കോൾ-കേരള
അക്കാദമിക് അസോസിയേറ്റുമാർ, സ്കോൾ-കേരള
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ
ക്യാഷ് സെക്ഷൻ, സ്കോൾ-കേരള
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

C1/SCOLE/A4/Proced-Mal/142